# മലയാള മനോരമ

page no : 2
column no : 4
kochi edition
Dated 18/12/2024

## ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്

**മട്ടാഞ്ചേരി**

ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ് 22ന് തിരുവാണിയൂർ കൊച്ചിൻ റിഫൈനറി സ്കൂളിൽ നടക്കും. 18നുമുമ്പായി കളിക്കാരുടെയും ടീമിന്റെയും രജിസ്ട്രേഷൻ www.throwballkerala.com വെബ്സൈറ്റിൽ പൂർത്തിയാക്കണം. ഫോൺ: 92070 75619.

മാധ്യമം
page no : 2
column no : 5
kochi edition
Dated 18/12/2024

# ജില്ല ത്രോബാൾ ചാമ്പ്യൻഷിപ്പ് 22ന്

മട്ടാഞ്ചേരി: ജില്ല മിനി ത്രോബാൾ ചാമ്പ്യൻഷിപ്പ് ഈ മാസം 22ന് തിരുവാണിയൂർകൊച്ചിൻ റിഫൈനറിയിൽ നടക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 18ന് മുമ്പ് പ്ലേയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനുംwww.throwballkerala.com എന്ന വെബ്സൈറ്റിൽ പൂർത്തിയാക്കേണ്ടതാണെന്ന് അസോസിയേഷൻ ജില്ല സെക്രട്ടറി അറിയിച്ചു. വിവരങ്ങൾക്ക് ഫോൺ: 9207075619.

# ദേശാഭിമാനി

page no : 3
column no : 12
kochi edition
Dated 24/12/2024

## ജില്ലാ മിനി ത്രോബോൾ: റിഫൈനറി സ്കൂളിന് ഇരട്ടക്കിരീടം

കൊച്ചി

ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിഭാഗത്തിൽ കിരീടം ചൂടി കൊച്ചിൻ റിഫൈനറി സ്കൂൾ. രണ്ടു വിഭാഗത്തിലെയും ഫൈനലിൽ സ്റ്റെല്ല മരിയ സ്കൂളിനെയാണ് പരാജയപ്പെടുത്തിയത്. റിഫൈനറി സ്കൂൾ മൈതാനത്തായിരുന്നു മത്സരം.

ആൺകുട്ടികളുടെ വിഭാഗത്തിൽ യാക്ക സ്പോർട്സ് കൊച്ചിയും ശ്രീ ഗുജറാത്തി വിദ്യാലയയും മൂന്നാംസ്ഥാനം പങ്കിട്ടു. പെൺകുട്ടികളുടെ വിഭാഗത്തിൽ യാക്ക സ്പോർട്സ് കൊച്ചിയും സെന്റ് അന്നസ് സ്കൂളും മൂന്നാം സ്ഥാനം പങ്കുവച്ചു.

റിഫൈനറി സ്കൂളിലെ ജസ്പെർ സോളമൊൻ ഡേവ്ലക്ക്, യാക്കാ സ്പോർട്സിലെ ശ്രിയ ആർ നായർ എന്നിവരെ മികച്ച കളിക്കാരായി തെരഞ്ഞെടുത്തു. 28നും 29നും ഇടുക്കി രാജാക്കാട്ട് നടക്കുന്ന സംസ്ഥാന ചാമ്പ്യൻഷിപ്പിനുള്ള ജില്ലാ ടീമുകളെയും തെരഞ്ഞെടുത്തു.



ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺ കുട്ടികളുടെ, പെൺ കുട്ടികളുടെ വിഭാഗങ്ങളിൽ ചാമ്പ്യൻമാരായ കൊച്ചിൻ റിഫൈനറി സ്കൂൾ ടീമുകൾക്ക് വിപിൻ ജോർജ് ട്രോഫി സമ്മാനിക്കുന്നു



വിജയികൾക്ക് മുൻ ഇന്ത്യൻ വോളിബോൾ ടീം ക്യാപ്റ്റൻ വിപിൻ ജോർജ് ട്രോഫികളും മെഡലുകളും സമ്മാനിച്ചു. ജില്ലാ ത്രോബോൾ അസോസിയേഷൻ വൈസ് പ്രസിഡന്റ് അരുൺ സ്റ്റാൻലി അധ്യക്ഷനായി. സൽമാൻ ഫാരിസ്, അരവിന്ദ് ബാബു തുടങ്ങിയവർ സംസാരിച്ചു.

# മലയാള മനോരമ

page no : 2
column no : 4
kochi edition
Dated 24/12/2024




ജില്ലാ മിനി ത്രോബോൾ ചാംപ്യൻമാരായ കൊച്ചിൻ റിഫൈനറി സ്കൂൾ ട്രോഫി ഏറ്റുവാങ്ങുന്നു.

മിനി ത്രോബോൾ ചാംപ്യൻഷിപ്:

## കൊച്ചിൻ റിഫൈനറി സ്കൂൾ ജേതാക്കളായി

തിരുവാണിയൂർ • രണ്ടാമത് ജില്ലാ മിനി ത്രോബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിഭാഗങ്ങളിൽ കൊച്ചിൻ റിഫൈനറി സ്കൂൾ ജേതാക്കളായി. മത്സരങ്ങൾ കൊച്ചിൻ റിഫൈനറി സ്കൂൾ പ്രിൻസിപ്പൽ വിനുമോൻ മാത്യു ഉദ്ഘാടനം ചെയ്തു. ജില്ല സ്പോർട്സ് കൗൺസിൽ ഭാരവാഹിയായ കെ.എം.ഷാഹുൽ ഹമീദ്, ജില്ല ത്രോബോൾ അസോസിയേഷൻ വൈസ് പ്രസിഡന്റ് സ്റ്റാൻലി അരുൺ, ടി.പി.സോണിയ മോൾ, സർഫാൻ ഫാരിഷ് എന്നിവർ പ്രസംഗിച്ചു. ഇന്ത്യൻ വോളിബോൾ താരം വിപിൻ ജോർജ് വിജയികൾക്ക് സമ്മാനം നൽകി.